**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡിഷണൽ ഡയറക്ടർ (മെഡിക്കൽ &ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ ) നടപടിക്രമം**

---

വിഷയം:- ആ വ ഡ - ജീവനക്കാര്യം -ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം:- 1.Order No.ES3/4087/2022/DHS Dated :08.12.2022

**ഉത്തരവ് നം:** DHS/11780/2023-EE4**തീയതി:** 04-12-2024

---

പരാമർശം പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ഹാർമസിസ്റ്റ് ഗ്രേഡ് 1 തസ്തികയിലെ റാങ്ക് നമ്പർ 195 നു അവരുടെ പേരിനു നേരെ സൂചിപ്പിച്ച സ്ഥാപനത്തിലേക്ക് 43400-91200 എന്ന ശമ്പള സ്കെയിലിൽ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

| Sl No. | Rank No | PEN | Name | Present Institution | Promoted and Posted | Remarks |
|---|---|---|---|---|---|---|
| 1 | 195 | 270455 | Dinesh Kumar G | PHC Mezhuveli Pathanamthitta | G H Thiruvananthapuram | |

<u>ഫാർമസിസ്റ്റ് ഗ്രേഡ് II റാങ്ക് ലിസ്റ്റ് ൻ്റെ കാലാവധി അവസാനിക്കുന്നതിനാൽ സ്ഥാനകയറ്റം മുഖേന അടിയന്തിരമായി ടി ഒഴിവുകൾ നികത്തേണ്ടതുണ്ട്.അതിനാൽ സീനിയറായ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലെ ജീവനക്കാരുടെ സ്ഥലമാറ്റ അപേക്ഷ പരിഗണിക്കാതെയാണ് നിലവിലുള്ള ഒഴിവിലേക്ക് സ്ഥാനകയറ്റം വഴി നിയമനം നൽകിയിട്ടുള്ളത്.</u>

ആയതിനാൽ ടി നിയമനം താൽകാലികമായിരിക്കും. സീനിയർ ആയ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലെ സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുന്ന വേളയിൽ പ്രസ്തുത ഉത്തരവ് പുന ക്രമികരിക്കുന്നതാണ്.

ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിൽ നിയമനം ലഭിക്കുന്ന ജീവനക്കാർ രണ്ട് വർഷത്തെ കാലാവധിക്കുള്ളിൽ ഒരു വർഷത്തെ പരിവീക്ഷാക്കാലം പൂർത്തിയാക്കേണ്ടതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ അതാത് സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുൻപായി ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി ഇല്ലായെന്ന് സ്ഥാപനമേധാവി ഉറപ്പു വരുത്തേണ്ടതാണ് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും സേവനപുസ്തകത്തിൽ ഉത്തരവിൻ്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി പതിക്കേണ്ടതും, സ്പാർക്കിൽ വിവരങ്ങൾഉൾപെടുത്തേണ്ടതും ആണ്.അന്യത്രസേവനത്തിൽ തുടരുന്ന ജീവനക്കാർ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത് സ്ഥാനക്കയറ്റം ലഭിച്ചസ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ് .

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ടി ഉത്തരവിൻ്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള ഔദ്യോഗികരേഖയായി ഉപയോഗിക്കാവുന്നതാണ്.

Signed by
Nandakumar.k.v
Date: 04-12-2024 15:38:26

**അഡിഷണൽ ഡയറക്ടർ**
**(മെഡിക്കൽ &ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ )**

സ്വീകർത്താവ്:-ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ
ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
ഫയൽ /കരുതൽ ഫയൽ